**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1720** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടിട്ടുള്ള ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഇടുക്കി ജില്ലയിലെ ഉടുമ്പൻ ചോല നിയോജക മണ്ഡലത്തിലെ ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരമുള്ള എം. എൽ. എ. ഫണ്ട് വകയിരുത്തുന്നതായി കാണിച്ചു കൊണ്ടുള്ള കത്ത് എം.എൽ.എ.യിൽ നിന്നോ ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് സ്റ്റേഡിയം നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ കഴിയുക; വിശദാംശം നൽകാമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം ചുവടെ പറയുന്ന സൗകര്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ് ബോൾ കോർട്ട്, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ് ഉടങ്ങിയ സൗകര്യങ്ങൾ ലേഔട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഏകദേശം 1 ഏക്കർ വിസ്തൃതിയുള്ള തുറസായ സ്ഥലത്താണ് സൗകര്യങ്ങൾ നിർദ്ദേശിക്കുന്നത്.<br><br>എ. <u>മൾട്ടി ഗെയിമുകൾക്കായി കളിക്കുന്ന കോർട്ടുകൾ:-</u> ഫുട്ബോൾ വോളിബോൾ, ബാസ്കറ്റ്ബോൾ ഉടങ്ങിയ പ്രദേശത്തെ ജനപ്രിയ ഗെയിമുകൾ പരിഗണിച്ചാണ് ഇവ നൽകുന്നത്. ലഭ്യമായ ഭൂമിയുടെ ആകെ വ്യാപ്തിയും പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **<u>ബി. ഫുട്ബോൾ ടർഫുകളും, സിന്തറ്റിക് കോർട്ടുകളും:-</u> പ്രാദേശിക ഡിമാൻഡ് / ആവശ്യകത, ഫണ്ട് ലഭ്യത എന്നിവയെ ആശ്രയിച്ച് ഫുട്ബോൾ ടർഫ് സിന്തറ്റിക് കോർട്ടുകൾ അല്ലെങ്കിൽ മൾട്ടി സ്പോർട്സ്, അരീന എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.**<br><br>**<u>സി. ഇൻഡോർ കോർട്ടുകൾ:-</u> ബാഡ്മിന്റണിനും സമാനമായ ഗെയിമുകൾക്കുമുള്ള ഇൻഡോർ കോർട്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.**<br><br>**<u>ഡി. ഫിറ്റ്നസ് പവലിയൻ അല്ലെങ്കിൽ ഓപ്പൺ ജിം:-</u> ഫിറ്റ്നസ് പവലിയനിൽ കാർഡിയാക് എക്സർസൈസ്, സ്ട്രംഗ്ത് & കണ്ടീഷനിംഗ്, സ്ട്രെച്ചിംഗ് എക്സർസൈസ് തുടങ്ങിയ വ്യായാമങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു തുറന്ന അല്ലെങ്കിൽ സെമി കവേർഡ് ഏരിയ ഉൾപ്പെടുത്താവുന്നതാണ്. ഇതുകൂടാതെ യോഗാ, എയറോബിക് വ്യായാമങ്ങൾക്കും മറ്റും കവർ ചെയ്ത പവലിയനുകളും നൽകാം.**<br><br>**<u>ഇ. ടോയ്ലെറ്റുകളും, വസ്ത്രം മാറുന്ന മുറികളും / കഫ്റ്റീരിയ:-</u> ഏരിയ കുറഞ്ഞ അവശ്യ ടോയ്ലെറ്റ് സൗകര്യങ്ങളും വസ്ത്രം മാറുന്ന മുറികളും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.**<br><br>**<u>എഫ്. വൈദ്യുതീകരണം:</u>- രാത്രിയിലും ഗ്രൗണ്ട് പ്രയോജനപ്പെടുത്തുന്നതിന് കളിക്കളത്തിന് ഏറ്റവും കുറഞ്ഞ അവശ്യ വെളിച്ചം നൽകേണ്ടതുണ്ട്.** |
| (സി) | പ്രസ്തുത കളിസ്ഥല നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | **പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഒരു പദ്ധതിക്ക് ഒരു കോടി രൂപയാണ് നിർദ്ദേശിക്കുന്നത്. നിലവിൽ പ്രസ്തുത സ്ഥലത്തിന് കളിസ്ഥല നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടില്ല. സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും പരമാവധി 50 ലക്ഷം രൂപയും എം.എൽ.എമാരുടെ ആസ്തി വികസ ഫണ്ട്/ എം.പി.ഫണ്ട്/ സി.എസ്.ആർ ഫണ്ടുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവയിൽ നിന്നും ബാക്കി തുകയും വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു കോടി രൂപയിൽ കുറവ് അടങ്കൽ തുകയാണ് വരുന്നതെങ്കിൽ ആയതിന്റെ 50% വും ഒരു കോടിയിൽ കൂടുതൽ പദ്ധതി അടങ്കൽ വരുന്ന പദ്ധതികൾക്ക് പരമാവധി 50 ലക്ഷം രൂപയുമാണ് പ്ലാൻ ഫണ്ട് ലഭ്യമാക്കുക. ബാക്കി വരുന്ന തുക എം. എൽ. എ. ഫണ്ട് ഉൾപ്പടെയുള്ള വിവിധ സ്രോതസുകളിൽ നിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.** |

സെക്ഷൻ ഓഫീസർ